ഉത്തരം

ലഭിച്ചിട്ടില്ല.

മലപ്പുറം ജില്ലയിൽ വൈദ്യുതി ബോർഡ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ

83 (923) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ വൈദ്യുതി ബോർഡ് കഴിഞ്ഞ 4 വർഷമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കുമോ ;

(ബി) മിനിമം ഗ്യാരണ്ടി ഒപ്പു വച്ച എത്ര പ്രവൃത്തികൾ ഈ കാലയളവിൽ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കാർഷിക, ഗാർഹിക ആവശ്യങ്ങൾക്കായി പുതുതായി നൽകിയ വൈദ്യുതി കണക്ഷൻ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ജില്ലയിൽ പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ 110 കെ.വി. 66 കെ.വി. എന്നീ വിഭാഗത്തിൽപ്പെട്ട എത്ര എണ്ണം വീതമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസരണവിഭാഗത്തിൽ താഴെപ്പറയുന്ന ജോലികൾ ചെയ്തിട്ടുണ്ട്.

1. അരിക്കോട് 220.കെ.വി. സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്തു.
2. പെരിന്തൽമണ്ണ 66 കെ.വി സബ്സ്റ്റേഷൻ ട്രാൻസ്ഫോർമർ ശേഷി 2X6.3 എം.വി.എ-ൽ നിന്നും 2X10 എം. വി. എ. ആക്കി വർദ്ധിപ്പിച്ചു.
3. മഞ്ചേരി 66 കെ.വി. സബ്സ്റ്റേഷൻ ട്രാൻസ്ഫോർമർ ശേഷി 2X6.3 എം.വി.എയിൽ നിന്നും 16.3 എം. വി. എ ആക്കി വർദ്ധിപ്പിച്ചു.
4. ഷൊർണ്ണൂർ - കുറ്റനാട്-എടപ്പാൾ 66 കെ.വി. ലൈൻ 31.6 കി. മീറ്റർ 110 കെ.വി യായി വർദ്ധിപ്പിച്ചു.
5. എടപ്പാൾ തിരൂർ 110 കെ.വി. പുതിയ ലൈൻ (23.04 കി.മീറ്റർ നിർമ്മിച്ചു)

LIBRARY ARCHIVES Kerala Legislative Assembly

6. തിരൂർ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വിയാക്കി ശേഷി വർദ്ധിപ്പിച്ചു.

7. എടപ്പാൾ 110 കെ.വി. സബ്സ്റ്റേഷൻ കപ്പാസിറ്റി 30 എം. വി. എ യിൽനിന്ന് 37.5 എം. വി. എ യാക്കി ഉയർത്തി.

8. തിരൂർ 66 കെ.വി സബ്സ്റ്റേഷൻ 110 കെ.വി. യാക്കി ശേഷി വർദ്ധിപ്പിച്ചു. കൂടുതലായി 12.5 എം. വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ചു വിതരണ ഭാഗത്തിൽ

11 കെ.വി.ലൈൻ നിർമ്മിച്ചത്	-	344.549 കി.മീറ്റർ
3 ഫേസ് ലൈൻ	-	448.738 കി.മീറ്റർ
സിംഗിൾ ഫേസ് ലൈൻ	-	1908.570 കി.മീറ്റർ
സിംഗിൾ ഫേസ് ത്രിഫേസ് ആക്കിയത്	-	315.467 കി.മീറ്റർ
ട്രാൻസ്ഫോർമർ സ്ഥാപിച്ചത്	-	506 എണ്ണം
ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിച്ചത്	-	269 എണ്ണം
സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചത്	-	4231 എണ്ണം
പുതിയ സർവ്വീസ് കണക്ഷൻ നൽകിയത്	-	1,39,125 എണ്ണം

(ബി) 67 എണ്ണം

(സി) 506 എണ്ണം

(ഡി) കാർഷിക കണക്ഷൻ — 11,234 എണ്ണം

ഗാർഹിക കണക്ഷൻ — 1,02,165 എണ്ണം

(ഇ&എഫ്) ഉണ്ട്.

	എണ്ണം
66 കെ.വി. സബ്സ്റ്റേഷൻ	- ഒന്ന്
110 കെ.വി സബ്സ്റ്റേഷൻ	- മൂന്ന്
33 കെ.വി.സബ്സ്റ്റേഷൻ	- പത്ത്

വോൾട്ടേജ് വർദ്ധിപ്പിക്കാനുള്ള നടപടികൾ

84 (924) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly